**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 246** **03-08-2021 - ൽ മറുപടിയ്ക്ക്**

**പച്ചക്കറി സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ എ കെ എം അഷ്റഫ്,<br>ശ്രീ . ടി. വി. ഇബ്രാഹിം | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പച്ചക്കറികളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി പച്ചക്കറികൾക്ക് താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. കാർഷികോല്പന്നങ്ങൾക്ക് വിലസ്ഥിരതയും ന്യായവിലയും ഉറപ്പാക്കുന്നതിനും അതിലൂടെ പച്ചക്കറികളുടെ ഉത്പാദനം വർധിപ്പിക്കുന്നതിനുമായി 26/10/2020 ലെ G.O.(Ms) 80/2020/Agri നം. ഉത്തരവ് പ്രകാരം "കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ്" എന്ന പേരിൽ അടിസ്ഥാന വില പ്രഖ്യാപിച്ചുകൊണ്ടുള്ള പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നിട്ടുണ്ട്. |
| (ബി) | ഇതനുസരിച്ച് ഏതെല്ലാം ഏജൻസികളെയാണ് സംഭരണത്തിനായി നിയോഗിച്ചിരുന്നത്; | (ബി) | കൃഷി വകുപ്പിന്റെ കീഴിലുള്ള വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ്, ഇക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, മൊത്തവ്യാപാര വിപണികൾ, സഹകരണ വകുപ്പിന്റെ കീഴിലുള്ള PACSകൾ തുടങ്ങിയവയെയാണ് നിലവിൽ സംഭരണത്തിനായി നിയോഗിച്ചിരിക്കുന്നത്. |
| (സി) | സംഭരണ ഏജൻസികൾ കാർഷിക വിഭവങ്ങൾ ഏറ്റെടുക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഏജൻസികൾക്കു വിറ്റഴിക്കാൻ കഴിയുന്നത്ര ഉത്പന്നങ്ങൾ, AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകരിൽ നിന്നും സംഭരിച്ച് വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ കോവിഡ് 19 രണ്ടാം തരംഗമുണ്ടായ സാഹചര്യത്തിൽ നടപ്പാക്കിയ അടച്ചിടൽ കാരണം വിപണിയിൽ കർഷകരുടെ ഉത്പന്നങ്ങൾ വിൽക്കുന്നതിന് പ്രയാസങ്ങൾ അനുഭവപ്പെട്ടു. ഇത് പരിഹരിക്കുവാൻ സർക്കാർ സംവിധാനം ഉപയോഗിച്ച് നിരവധി ഇടപെടലുകൾ നടത്തിയിട്ടുണ്ട്. വി.എഫ്.പി.സി.കെ. സംഭരണ കേന്ദ്രങ്ങളായ സ്വാശ്രയ കർഷക സമിതികൾ എന്നിവ വിഭവങ്ങൾ ഏറ്റെടുക്കുന്നുണ്ട്. 2020-21 കാലയളവിൽ ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ കേന്ദ്രങ്ങൾ വഴി 7401 ടൺ പച്ചക്കറി 18.2 കോടി രൂപയ്ക്ക് സംഭരിച്ച് വിതരണം നടത്തുകയുണ്ടായി. കേരളത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ള |

| | | | |
|---|---|---|---|
| | | | പച്ചക്കറികൾ ഹോർട്ടികോർപ്പ് സംഭരിക്കുന്നുണ്ട്. 2021 ഏപ്രിൽ മുതൽ നാളിതുവരെ 1558 ടൺ പച്ചക്കറി 3.59 കോടി രൂപയ്ക്ക് ഹോർട്ടികോർപ്പ് സംഭരിച്ച് വിതരണം നടത്തിയിട്ടുണ്ട്. അടച്ചിടൽ കാരണം മരച്ചീനി വിറ്റഴിക്കുന്നതിനു കർഷകർക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലക്ക് സംഭരിക്കുന്നതിനു ഹോർട്ടികോർപ്പിന് നിർദേശം നൽകുകയും അതുപ്രകാരം ഹോർട്ടികോർപ്പ് വിപണിയിൽ ഇടപെടുകയും ചെയ്തു. കൂടാതെ നഗര പ്രദേശങ്ങളിൽ വഴിയോര വിപണികൾ സംഘടിപ്പിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ക്ഷീര സഹകരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ മരച്ചീനി വിറ്റഴിക്കുന്നതിനുള്ള നേതൃത്വം കൃഷി ഓഫീസർമാർ കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ